# അനന്തപുരിയുടെ മാലിന്യം വിളപ്പിൽശാലക്കാർ വിഴുങ്ങണോ?

തിരുവനന്തപുരം: ഏഷ്യയിലെ ഏറ്റവും വലിയ ജൈവവള-മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഉദ്ഘാടനം ജൂലായ്- 24ന് വിളപ്പിൽ ശാലയിൽ നടക്കുമ്പോൾ വിളപ്പിൽ നിവാസികൾ ഹർത്താലാചരിച്ച് കരികൊടി പ്രകടനം നടത്തുകയായിരുന്നു. നാട്ടുകാരുടെ നിസ്സഹകരണം മൂലം, ഉദ്ഘാടന സമ്മേളനത്തിന് ആളെക്കൂട്ടാൻ തിരുവനന്തപുരം നഗരസഭയ്ക്ക് നഗരത്തിൽനിന്നും ആളുകളെ കൊണ്ടുവരേണ്ടിവന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി തുടർന്നു വരുന്ന പൊതുജന പ്രക്ഷോഭങ്ങളും എതിർപ്പുകളും വകവയ്ക്കാതെയും നാട്ടുകാരുടെ ആശങ്കകൾക്ക് പരിഹാരം കാണാതെയുമാണ് മാലിന്യ സംസ്കരണ ഫാക്ടറി വിളപ്പിൽ ശാലയിൽ സ്ഥാപിച്ചിരിക്കുന്നത്

തിരുവനന്തപുരം നഗരത്തിലെ മാലിന്യങ്ങൾ 12 കിലോമീറ്റർ അകലെയുള്ള വിളപ്പിൽ ശാലയിലെത്തിച്ച് ജൈവവളമാക്കി മാറ്റുന്നതിന് 8 കോടി രൂപ ചെലവിൽ നിർമ്മിച്ച ഫാക്ടറിയാണിത്. തിരുവനന്തപുരത്തിന്റെ മാലിന്യനിക്ഷേപ കേന്ദ്രമാക്കുന്നതിന് വേണ്ടി വിളപ്പിൽ ശാലയിൽ നഗരസഭ 12.41 ഏക്കർ സ്ഥലം വാങ്ങുന്നത് 1994ലാണ്. 220 അടി പൊക്കമുള്ള കുന്നിൻ പുറവും മലഞ്ചെരിവും കരമനയാറിൽ ചെന്നു ചേരുന്ന മീനമ്പിള്ളി തോടിന്റെ ഉദ്ഭവസ്ഥാനവും ഉള്ള ഇവിടെ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് അന്ന് ജനങ്ങൾ തടഞ്ഞു. അതിനു ശേഷമാണ് മാലിന്യങ്ങളെ ജൈവവളമാക്കി മാറ്റുന്ന പുതിയ പദ്ധതിയുമായി ഗവൺമെന്റ് വന്നത്. ഇതുയർത്തിയേക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഭയന്ന് ജനങ്ങൾ ഫാക്ടറി സ്ഥാപനത്തെ എതിർക്കുകയായിരുന്നു.

ജനകീയ പ്രതിഷേധത്തിന്റെ ശക്തി കുറയ്ക്കുന്നതിനും അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും വേണ്ടി വിജയവാഡയിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ ഫാക്ടറി സന്ദർശിക്കാൻ ജനപ്രതിനിധി സംഘത്തെ അയയ്ക്കുകയുണ്ടായി. ഫാക്ടറി പ്രവർത്തനം സമീപവാസികൾക്ക് പ്രശ്നങ്ങളുണ്ടാക്കുകയില്ലെന്ന് സംഘത്തിന് ബോധ്യപ്പെട്ടതായി സംഘത്തെ നയിച്ച തിരുവനന്തപുരം ഡെപ്യൂട്ടിമേയർ അഡ്വ. വഴുതക്കാട് നരേന്ദ്രൻ അവകാശപ്പെടുന്നുണ്ടെങ്കിലും സംഘത്തിലെ മറ്റ് പ്രതിനിധികൾ അതിനോട് യോജിക്കുന്നില്ല. ഫാക്ടറി നഷ്ടമില്ലാതെ പ്രവർത്തിക്കണമെങ്കിൽ ദിനം പ്രതി 350 ടൺ മാലിന്യങ്ങളെങ്കിലും വേണം. ഫാക്ടറി നടത്തിപ്പുകാരായ തിരുവല്ല പോബ്സൺ എൻവിറോടെക്- ഉം നഗരസഭയും തമ്മിലുള്ള കരാറനുസരിച്ച് ഇത്രയും മാലിന്യങ്ങൾ എത്തിച്ചു കൊടുക്കേണ്ടത് നഗരസഭയുടെ ചുമതലയാണ്. അതിന് തിരുവനന്തപുരം നഗരത്തിലെ ,മാലിന്യങ്ങൾ തികയാതെ വരും. അതിനാൽ മറ്റിടങ്ങളിൽ നിന്നും മാലിന്യങ്ങൾ കൊണ്ടുവരേണ്ട അവസ്ഥയും ഉണ്ടാകും. ഇപ്പോൾത്തന്നെ കോവളത്തെ മാലിന്യങ്ങൾ ഫാക്ടറിയിലെത്തിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു കഴിഞ്ഞു.

മാലിന്യങ്ങൾ ജൈവവളമാക്കിയെടുക്കുന്നത് 40 ദിവസത്തോളം നീണ്ട ഒരു സങ്കീർണ്ണ പ്രക്രിയയാണ്. ഇത് ഫലത്തിൽ വായു- ജലമലിനീകരണം സൃഷ്ടിക്കുമെന്ന് ജനങ്ങൾ ഭയക്കുന്നു. തൃശ്ശൂരിലെ ലാലൂരും കണ്ണൂരിലെ ചേലോറയുമൊക്കെപ്പോലെ വിളപ്പിലും മാലിന്യജന്യരോഗങ്ങൾക്ക് ഇരയാകുമെന്ന ഭയം നീക്കാൻ നഗരസഭയുടെ പബ്ലിക് റിലേഷൻസ് അഭ്യാസങ്ങൾക്കൊന്നും കഴിഞ്ഞിട്ടില്ല.

ഇപ്പോൾ നിർമ്മിച്ചിരിക്കുന്ന മേൽക്കൂരയോടു കൂടിയ ഡമ്പിങ്യാർഡ് അപര്യാപ്തമാണെന്ന് പരോക്ഷമായി നഗരസഭ തന്നെ സമ്മതിക്കുന്നുണ്ട്. ഇവിടെയെത്തുന്ന മാലിന്യങ്ങളിൽ ഏകദേശം 30% മാത്രമേ ജൈവവളമാക്കി മാറ്റുവാൻ സാധിക്കൂ. ബാക്കി 70% ശതമാനം വരുന്ന പ്ലാസ്റ്റിക്ക പോലെയുള്ള ജീർണ്ണിക്കാത്ത മാലിന്യങ്ങൾ എന്തു ചെയ്യുമെന്നതിനെക്കുറിച്ച് ഒരു ധാരണയുമില്ല.

വരാനിരിക്കുന്ന മാലിന്യക്കൂമ്പാരങ്ങളുടെ വ്യാപ്തി വർദ്ധിക്കുന്നതു കണ്ട് സമീപവാസികൾ പരിഭ്രാന്തിയിലാണ്. ഏതു വിധേനയും പുരയിടം വിറ്റ് എങ്ങോട്ടെങ്കിലും പോകുന്നതിനുള്ള തയ്യാറെടുപ്പിലാണ് സമീപവാസികളിൽ പലരും. എന്നാൽ ഇവിടെ സ്ഥലം വാങ്ങാൻ ആരും തയ്യാറാകുന്നില്ല.

ഫാക്ടറി പരിസരത്തു നിന്നുദ്ഭവിക്കുന്ന നീരുറവ ചെന്നെത്തുന്ന കരമനയാറിന്റെ ഭാഗത്തുനിന്നാണ് വിളപ്പിൽ പഞ്ചായത്തിലേക്കും പി. ടി. പി. നഗറിലേക്കും ശുദ്ധ ജലം പമ്പുചെയ്യുന്നത് ജലമലിനീകരണം ഏതാണ്ട് ഉറപ്പാണ്

ഫെബ്രുവരി മാസത്തിൽ നടന്ന വിജയവാഡ സന്ദർശനത്തിനുശേഷം ജനപ്രതിനിധികളുമായി മന്ത്രി പാലൊളി മുഹമ്മദ്കുട്ടി ചർച്ച നടത്തുമെന്നും ജനങ്ങളുടെ അനുമതിയോടു കൂടി മാത്രമേ ഫാക്ടറി നിർമ്മിക്കൂ എന്നുമാണ് പറഞ്ഞിരുന്നത്. എന്നാൽ അത്തരത്തിലുള്ള ചർച്ചകളൊന്നും കൂടാതെ പോലീസ് സംരക്ഷണത്തിൽ ധൃതിപിടിച്ച് അഞ്ചുമാസം കൊണ്ട് ഫാക്ടറി സ്ഥാപിക്കുകയായിരുന്നുവെന്ന് ആക്ഷൻ കൗൺസിൽ പ്രസിഡണ്ട് മാർഗറ്റ്സൺ പറയുന്നു.

അടുത്തമാസം മുതൽ ദിനംപ്രതി മുന്നൂറിലധികം ലോറി നഗരമാലിന്യങ്ങൾ വിളപ്പിൽ ശാലയിലെത്തുമ്പോൾ സ്വീകരിക്കേണ്ട ജനകീയ പ്രതിരോധത്തിന്റെ രീതികളെക്കുറിച്ചുള്ള ആലോചനയിലാണിപ്പോൾ ആക്ഷൻ കൗൺസിൽ.

"നഗരത്തെ കുളിപ്പിച്ച്, മുടി, ചീകി, പൗഡറിട്ട്, സുന്ദരിയാക്കി നടത്തുന്നതിന്റെ തുടക്കമാണ് വിളപ്പിൽ ശാല ജൈവ വള ഫാക്ടറി"യെന്ന് മുഖ്യമന്ത്രി പറയുമ്പോൾ നഗരത്തിന്റെ വിഴുപ്പുചുമക്കേണ്ട ബാധ്യത തങ്ങൾക്കാണോ എന്ന മറുചോദ്യമാണ് വിളപ്പിലുകാർക്ക് ചോദിക്കാനുള്ളത്.

രൺജിത്ത് കെ. ആർ
തിരുവനന്തപുരം